

# ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണകേന്ദ്രം

**രജിസ്റ്റർ നമ്പർ 2557/2002**

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471- 2441794

E-mail : aryapallom@gmail.com

Website: www.devakiwarrier.org

**01–04–2021 മുതൽ 31–03–2022വരെയുള്ള**

**പ്രവർത്തന റിപ്പോർട്ട് &**

**1–4–2021 മുതൽ 31–3–2022 വരെയുള്ള**

**വരവ് ചെലവ് കണക്ക്**

## 23–11–2022 ൽ നടന്ന 21–ാമത് വാർഷിക ജനറൽ ബോഡിയിൽ അവതരിപ്പിച്ച കരട് റിപ്പോർട്ട്

# ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണകേന്ദ്രം

**രജിസ്റ്റർ നമ്പർ 2557/2002**

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471- 2441794

E-mail : aryapallom@gmail.com | Website: www.devakiwarrier.org

**01–04–2021 മുതൽ 31–03–2022 വരെയുള്ള**
**പ്രവർത്തന റിപ്പോർട്ട്**
**& 01–04–2021മുതൽ 31–03–2022 വരെയുള്ള**
**വരവ് ചെലവ് കണക്ക്**

## സ്മരണാഞ്ജലി

വളരെ പ്രിയപ്പെട്ട രണ്ടുപേർ നമ്മോട് വിട്ടുപിരിഞ്ഞ വർഷമാണ് കടന്നു പോയത്.

### ഡോ. ജേക്കബ് ഈപ്പൻ

സംഘടനയുടെ മുൻ പ്രസിഡന്റും ഉപദേശക സമിതി അംഗവുമായിരുന്ന ഡോ. ജേക്കബ് ഈപ്പൻ നമ്മെ വിട്ടുപിരിഞ്ഞു. ഈ സംഘടനയുടെ രൂപീകരണം മുതൽ എല്ലാവിധ നേതൃത്വവും നൽകി നമ്മോടൊപ്പം നിന്ന ഡോ. ഈപ്പന്റെ നിര്യാണം തീർത്താൽ തീരാത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. തിരുവനന്തപുരത്തെ എല്ലാ നല്ല കാര്യങ്ങൾക്കും ഒപ്പം മുൻപന്തിയിൽ അദ്ദേഹം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. മൃദുൽ ഈപ്പന്റെയും മറ്റ് കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

### എം. എൻ. ശാരദാമ്മ

സംഘടനയുടെ മുൻ ട്രഷററും വൈസ് പ്രസിഡന്റും ലൈബ്രറിയുടെ പ്രസിഡന്റുമായിരുന്ന എം. എൻ. ശാരദാമ്മ നമ്മെ വിട്ടുപിരിഞ്ഞതും ഈ വർഷമാണ്. കാൻസർ രോഗ ബാധിത

യായിരുന്നപ്പോൾ പോലും എല്ലാകാര്യങ്ങളിലും മനസ്സുകൊണ്ട് പങ്കെടുത്തിരുന്ന ശാരദാമ്മയുടെ ദേഹവിയോഗം വളരെ ദുഃഖം ഉളവാക്കുന്നതായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കാനും അവരുടെ ഓർമ്മയ്ക്കു മുമ്പിൽ കൈകൂപ്പാനും ഈ അവസരം ഉപയോഗിക്കട്ടെ. ഇതിനുപുറമേ നമ്മെ ഈ കാലയളവിൽ വിട്ടുപിരിഞ്ഞ താഴെപ്പറയുന്ന പ്രശസ്തരായ വ്യക്തികൾക്ക് നമ്മുടെ ആദരം അർപ്പിക്കുന്നു.

1 ജയന്തി പട്നായിക്
2 നാരായൻ
3 ലതാ മങ്കേഷ്കർ
4 കെ.പി.എ.സി.ലളിത
5 എം സി ജോസഫൈൻ
6 എലിസബത്ത് രാജ്ഞി
7 മേരി റോയി
8 ഡസ്മണ്ട് ടുട്ടു
9 കെ.എസ്. സേതുമാധവൻ
10 പി.ടി തോമസ്
11 പ്രൊഫ. എം കെ പ്രസാദ്
12 ഐജാസ് അഹമ്മദ്
13 ഹൈദരാലി ശിഹാബ് തങ്ങൾ
14 തലേക്കുന്നിൽ ബഷീർ
15 കെ ശങ്കരനാരായണൻ
16 ഡോ. എം വിജയൻ
17 ജോൺപോൾ
18 പണ്ഡിറ്റ് ശിവകുമാർ വർമ്മ
19 ടി. ശിവദാസമേനോൻ
20 പാച്ചല്ലൂർ കൃഷ്ണൻകുട്ടി

21 പ്രതാപ് പോത്തൻ

22 ബർലിൻ കുഞ്ഞനന്തൻ നായർ

23 ഗോർബച്ചേവ്

24 ഗൊദാർദ്

25 ഡോ. എ. അച്യുതൻ

26 പി വി ചന്ദ്രശേഖരൻ

27. കോടിയേരി ബാലകൃഷ്ണൻ

28. വെഞ്ഞാനൂർ ഭാസ്കരൻ

## ദേവകി വാര്യർ

നമ്പൂതിരി സമൂദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ച പള്ളത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും ആര്യാപള്ളത്തിന്റെയും മൂത്തമകളായി പിറന്ന സഖാവ് ദേവവകിവാര്യർ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ ഗാന്ധിജിയുടെ വാർധയിലെ ആശ്രമത്തിൽ അന്തേവാസിയായിട്ടാണ് പൊതുപ്രവർത്തനം ആരംഭിച്ചത്. യോഗക്ഷമസഭാ പ്രവർത്തനങ്ങളിലൂടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടയായ ശ്രീമതി ദേവകി നരിക്കാട്ടിരിയാണ് ബാലികയായ ദേവകിയെ വാർധയിലേക്ക് കൂട്ടിക്കൊണ്ടുപോയത്. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ഉത്തരേന്ത്യയിൽ പഠനം തുടർന്ന ദേവകി രാജ്യമാകെ സഞ്ചരിച്ച് സ്ത്രീകളെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ അണിനിരത്താനുള്ള ശ്രമങ്ങളിൽ മുഴുകി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വനിതാ വിഭാഗത്തിന്റെ കരുത്തുറ്റ നേതാവായി പ്രവർത്തനം ആരംഭിക്കുമ്പോൾ കേവലം 16 വയസ്സായിരുന്നു ദേവകിയുടെ പ്രായം. പിൽക്കാലത്ത് വൈദ്യ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ച് മദിരാശിയിൽ എത്തി പഠനം തുടർന്നു. ഇക്കാലത്താണ് പുരോഗമനവിദ്യാർത്ഥി പ്രസ്ഥാനമായ സ്റ്റുഡന്റ്സ് ഫെഡറേഷനിൽ അംഗമായത്. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തനത്തിലേക്കാണ് നയിച്ചത്. ഇക്കാലത്താണ് പിന്നീട് ജീവിത പങ്കാളിയായിത്തീർന്ന ഡോ. പി.കെ.ആർ. വാര്യരെ പരിചയപ്പെടുന്നത്.

1970 കളിൽ തിരുവനന്തപുരം നഗരസഭയിലെ ആദ്യ വനിതാ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മെഡിക്കൽ കോളേജ് വാർഡിനെപ്രതിനിധീകരിച്ച് 10 വർഷക്കാലം കൗൺസിലറായി സേവനം അനുഷ്ഠിച്ചു. പട്ടാമ്പിയിൽ നിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) സ്ഥാനാർത്ഥിയായി അംസബ്ലിയിലേക്ക് മത്സരിച്ചു എങ്കിലും പരാജയപ്പെട്ടു. പുരോഗമനമഹിളാപ്രസ്ഥാനമായ ജനാധിപത്യ മഹിളാ അസോസിയേഷന്റെ സംസ്ഥാനവൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ദീർഘകാലം പ്രവർത്തിച്ചു. സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു.

തിരുവനന്തപുരത്ത് വിവിധമേഖലകളിൽ തൊഴിലെടുത്തിരുന്ന സ്ത്രീകളെ യോജിപ്പിച്ച് 1973 ൽ വർക്കിംഗ് വിമൻസ് അസോസിയേഷൻ എന്ന സംഘടന രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ നേതൃത്വം നൽകിയത് ദേവകി വാര്യരാണ്. യു.എൻ. ആഹ്വാനപ്രകാരം അന്താരാഷ്ട്ര വനിതാവർഷം ആചരിച്ചത് 1975 ലാണെന്നും സി.ഐ.റ്റി.യു വിന്റെ ആഭിമുഖ്യത്തിൽ സ: ബി.ടി. രണദിവെ മുൻകൈയെടുത്ത് വർക്കിംഗ് വിമൻസ് കോ - ഓർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകിയത് 1979 ലാണെന്നും സ്മരിക്കുമ്പോഴാണ് അതിനൊക്കെ മുമ്പ് ഇത്തരം ഒരു നൂതന ആശയം പ്രാവർത്തികമാക്കിയത് എത്രമാത്രം ദീർഘദർശനത്തോടുകൂടിയ ഒരു പ്രവൃത്തിയായിരുന്നു എന്ന് നാം തിരിച്ചറിയുന്നത്. പ്രസ്തുത സംഘടനയുടെ പ്രസിഡന്റായും പേട്രനായും സഖാവ് ദേവകി വാര്യർ അവസാനശ്വാസം വരെ പ്രവർത്തിച്ചു.

ഗാന്ധിയൻ ജീവിതരീതി പിന്തുടർന്നുവന്ന സഖാവ് ദേവകി വാര്യർ ജീവിതാന്ത്യംവരെയും ലളിത ജീവിതമാണ് നയിച്ചത്. ആദർശങ്ങൾ ഒരിക്കലും അടിയറവെക്കാത്ത ആ ജീവിതം തീർച്ചയായും അനുകരണീയം തന്നെയാണ്. മക്കളുടെ വിവാഹ കാര്യത്തിലുൾപ്പെടെ ജാതി/മത പരിഗണന ഒരു വിഷയമേ ആക്കാത്ത ആര്യാപള്ളത്തിന്റെ ആദർശനിഷ്ഠ മക്കളും സ്വായത്തമാക്കിയിരുന്നു. രണ്ടുമക്കളുടെയും വിവാഹങ്ങൾ ലളിതവും അനാർഭാടവും ആചാരരഹിതവുമായിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടത് ഇന്നത്തെ സാഹചര്യങ്ങളിൽ വളരെ പ്രസക്തമാണെന്ന് തോന്നുന്നു. ഡോ. വാര്യരുടെ കറകളഞ്ഞ

സേവനമനോഭാവവും ആദർശനിഷ്ഠയും ദേവകി വാര്യരുടെ ജീവിതത്തിന് കരുത്തേകി. 25-12-2001 ൽ കാൻസർ രോഗബാധിതനായി ഇഹലോകവാസം വെടിഞ്ഞു.

അസുലഭ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന സഖാവിന്റെ ഓർമ്മ കേരളത്തിലെ സ്ത്രീകൾക്ക് എന്നും ആവേശം പകരുന്നു. ആ നാമം അനശ്വ രമാക്കുന്നതിനുള്ള വർക്കിംഗ് വിമൻസ് അസോസിയേഷൻ പ്രവർത്തകരുടെ ആഗ്രഹമാണ് ദേവകി വാര്യർ മെമ്മോറിയൽ എന്ന സ്ഥാപനത്തിലൂടെ സാധിതമായത്. കേരളത്തിലെ പുരോഗമന ചിന്താഗതിക്കാരുടെയും സുമനസ്സുകളായ നാട്ടുകാരുടെയും ദേവകിവാര്യരുടെ കുടുംബാഗങ്ങളുടെയും നിർലോഭമായ സഹകരണം ലഭിക്കുന്നതുകൊണ്ട് ഈ സ്ഥാപനം വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് അനുദിനം പുരോഗമിക്കുന്നു.

## ആമുഖം

ലോകമാകെ വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും ഒരു പോലെ നവ ഉദാരവൽക്കരണ നയങ്ങളുടെ ദുഷ്ഫലങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടപൊയ്ക്കൊണ്ടിരിക്കുന്നത്. സാമാന്യജനജീവിതം ദുസ്സഹമാക്കുന്നതോ, സ്ത്രീകളും മറ്റ് ദുർബല വിഭാഗങ്ങളും ആഗോളവൽക്കരണത്തിന്റെ കെടുതികളിൽപ്പെട്ട് ഉഴലുന്നതോ സർക്കാരിന്റെ പരിഗണനയിൽ വരുന്നതേയില്ല. രൂപയുടെ വില ദിനംപ്രതി ഇടിഞ്ഞുകൊണ്ടിരിക്കുന്നു. അവശ്യസാധനങ്ങളുടെ വില കുതിച്ചുയരുന്നു. ഭക്ഷ്യ സുരക്ഷാ ബില്ലിലൂടെ പരമദരിദ്രരുടെ അന്നത്തിൽ സർക്കാർ കയ്യിട്ടുവരുകയാണ് ചെയ്യുന്നത്. ശതകോടീശ്വരന്മാരായ അംബാനി, അദാനിമാരെപ്പോലെയുള്ളവർക്കും മാഫിയ സംഘങ്ങൾക്കും വേണ്ടിയുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. ദേശീയ, രാഷ്ട്രീയ സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങൾ സ്ത്രീകൾക്ക് ഒട്ടും അനുകൂലമല്ല. വനിതാസംവരണബിൽ അവതരിപ്പിച്ചിട്ട് 26 വർഷവും രാജ്യസഭ പാസ്സാക്കിയിട്ട് 22 വർഷവും കഴിഞ്ഞു. ലോക്സഭയിൽ അവതരിപ്പിക്കാൻ പോലും കഴിയാത്ത സാഹചര്യമാണ് നിലനില്ക്കുന്നത്. ആഗോള ജൻഡർ ഡിവൈഡ് (ലിംഗപദവി വ്യത്യാസം അളക്കുന്ന സൂചിക) എന്ന സൂചികയിൽ 2006ൽ 98-ാം

സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ 2022-ൽ 135-ാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. ആകെ 146 രാജ്യങ്ങളാണ് പട്ടികയിലുള്ളത്. സബ്സിഡികൾ വെട്ടിക്കുറച്ച് സർക്കാർ വിലക്കയറ്റത്തിന് വഴിയൊരുക്കുന്നു. ഭക്ഷ്യസാധന ങ്ങളുടെയും മരുന്നുകളുടെയും വില കുതിച്ചുയരുന്നു. അവശ്യമരുന്നകളുടെ വില സർക്കാർ കുറച്ചുകൊണ്ട് ഉത്തരവിറക്കി. പക്ഷെ കുറഞ്ഞ വിലക്ക് മരുന്നുകൾ ലഭ്യമല്ല. സ്വന്തം ഉത്തരവ് നടപ്പിലാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നുമില്ല. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നു. ആഗോള പട്ടിണി സൂചികയിൽ 107-ാം സ്ഥാനത്താണ് ഇന്ത്യ പാകിസ്ഥാനും ബംഗ്ലാദേശിനും ശ്രീലങ്കക്കും പുറകിലാണ്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇരയാക്കുന്നതും സ്ത്രീകളെയാണ്. കൗമാരപ്രായക്കാരും യുവാക്കളും മയക്കുമരുന്നിന് അടിമകളായി മാറി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നു. കുടുംബത്തിനുള്ളിലെ പീഡനങ്ങളും പ്രണയ കൊലപാതകങ്ങളും ദുരഭിമാനക്കൊലകളും സാക്ഷര കേരളത്തിന് അപമാനകരമാം വിധം വർദ്ധിക്കുന്നു ഇതിനൊക്കെ എതിരെയുള്ള ബോധവൽക്കരണ പരിപാടികളും നമ്മൾ ഏറ്റെടുക്കേണ്ടതുണ്ട്. കാൻസർ രോഗികൾക്ക് മാത്രമല്ല മറ്റു ദുരിതങ്ങൾ അനുഭവിക്കുന്നവർക്കുനേരെയും സഹായഹസ്തം നീട്ടാൻ നമുക്ക് കഴിവുണ്ടാകട്ടെ എന്ന് ആഗ്രഹിക്കാം

## പ്രവർത്തന റിപ്പോർട്ട്

20-ാമത് വാർഷികപൊതുയോഗം 25-12-2021ൽ ചാലക്കുഴി റോഡിലുള്ള സംഘം ഓഫീസിൽ വച്ച് നടന്നു. കോവിഡ് പ്രോട്ടോകോൾ പാലിച്ച് 23 പേരാണ് പൊതു യോഗത്തിൽ പങ്കെടുത്തത്. പ്രസിഡന്റ് അനസൂയയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഷീല റൊസാരിയോ സ്വാഗതമാശംസിച്ചു. ഡോ. ആർ.ബി. രാജലക്ഷ്മി അനുശോചന പ്രമേയം അവതരിപ്പിച്ചു. സെക്രട്ടറി ടി. രാധാമണി പ്രവർത്തന റിപ്പോർട്ടും ട്രഷറർ വി. ശോഭന 2020-21ലെ കണക്കും അവതരിപ്പിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് ആഡിറ്റ് ചെയ്ത് ആദായനികുതി വകുപ്പിന് സമർപ്പിച്ച കണക്കാണ് അവതരിപ്പിച്ചത്. തുടർന്ന് റിപ്പോർട്ടും കണക്കും അംഗങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കി.

140 അംഗങ്ങളുള്ള സംഘടനയുടെ വാർഷിക പൊതുയോഗത്തിൽ 23 പേർ മാത്രം പങ്കെടുത്തു എന്നത് നിരാശാജനകമാണെന്ന് കെ രമാമണി അഭിപ്രായപ്പെട്ടു. സ്ത്രീശാക്തീകരണ രംഗത്ത് പുതിയ പരിപാടികൾ ഒന്നും തന്നെ റിപ്പോർട്ട് വർഷം നടത്തിയതായി കാണുന്നില്ല. അത്തരം പരിപാടികൾ ഏറ്റെടുത്ത് നടത്തണം എന്നും രമാമണി അഭിപ്രായപ്പെട്ടു. സംഘടനയ്ക്ക് ആജീവനാന്ത അംഗങ്ങൾ മാത്രമാണുള്ളത്. രൂപീകരണ സമയത്ത് അംഗമായത് നല്ലൊരു ശതമാനം ദേവകി വാര്യരുടെ കുടുംബക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമാണ്. അവരിൽ പലരും ഇന്ന് തിരുവനന്തപുരത്തില്ല. കോവിഡിന്റെ സാഹചര്യത്തിൽ യാത്ര ചെയ്യാനുള്ള തടസ്സം കൊണ്ട് അവർക്ക് പങ്കെടുക്കാനും കഴിഞ്ഞിട്ടില്ല എന്നും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ മുടങ്ങിപ്പോയത് കോവിഡിന്റെ നിയന്ത്രണങ്ങൾ കാരണമാണെന്നും ഈ രണ്ടു കാര്യങ്ങളും ഇനി ശ്രദ്ധിക്കാം എന്നും സെക്രട്ടറി മറുപടി പറഞ്ഞു

ബിവറേജസ് കോർപ്പറേഷനിലെ സി.എസ്. ആർ ഫണ്ടിൽനിന്ന് പുതിയതായി കിട്ടിയ ഈക്കോ വണ്ടിയുടെ വിലയായി 25,000 രൂപ മാത്രമാണ് കണക്കിൽ വന്നിരിക്കുന്നത് എന്ന് രമാമണി ചൂണ്ടിക്കാണിച്ചു. അത്രയും തുക മാത്രമാണ് സംഘടനയുടെ ഫണ്ടിൽനിന്ന് ചെലവായത്. ബിവറേജസ് കോർപ്പറേഷൻ നേരിട്ട് മാരുതിയുടെ പട്ടത്തുള്ള ഷോറൂമിന് ചെക്കായി തുക നൽകുകയാണ് ചെയ്തത്. അതുകൊണ്ട് പ്രസ്തുത തുക നമ്മുടെ വരവ് ചെലവ് കണക്കിൽ വരികയില്ല. ബാലൻസ് ഷീറ്റിൽ അസറ്റ്സിൽ മുഴുവൻ തുകയും ചേർത്ത് ക്യാപിറ്റലൈസ് ചെയ്തിട്ടുണ്ടെന്ന് ട്രഷറർ മറുപടി പറഞ്ഞു. വിശദമായ ചർച്ചകൾക്കു ശേഷം റിപ്പോർട്ടും കണക്കും പൊതുയോഗം അംഗീകരിച്ചു

## തെരഞ്ഞെടുപ്പ്

മെഹറിന്റെ ഒഴിവിലേക്ക് കെ. രമാമണിയെ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കെ.ആർ. ഭാനുമതിയാണ് പേര് നിർദ്ദേശിച്ചത്. പി.എൻ. നാരായണി പിന്തുണച്ചു. കമ്മിറ്റിയിൽ മറ്റു മാറ്റങ്ങൾ ഇല്ല.

## പുതിയ ഭാരവാഹികളുടെ ലിസ്റ്റ്

| | | |
|---|---|---|
| പ്രസിഡന്റ് | - | അനസൂയ |
| വൈസ് പ്രസിഡന്റ് | - | എം.എൻ. ശാരദാമ്മ |
| സെക്രട്ടറി | - | രാധാമണി റ്റി. |
| ജോ. സെക്രട്ടറി | - | ഡോ.ആർ.ബി. രാജലക്ഷ്മി |
| ട്രഷറർ | - | വി. ശോഭന |

## കമ്മിറ്റി അംഗങ്ങൾ

1. മൃദുൽ ഈപ്പൻ
2. ജി.കെ. ലളിതകുമാരി
3. ഷീല റൊസാരിയോ
4. കെ.ആർ. ഭാനുമതി
5. പി.എൻ. നാരായണി
6. പി. അംബിക
7. വി.കെ.ശാന്തമ്മ
8. ആർ. പാർവതി ദേവി
9. കെ. സുഭദ്ര അമ്മ
10. ലക്ഷ്മി ഗിരിധരൻ
11. സജിതാ ഇളമൺ
12 മിനിപ്രകാശ്
13. സി.എൻ ഹേമലത
14. കെ. രമാമണി

പേട്രണായി പി.കെ. ശ്രീമതി ടീച്ചർ തുടരും. ഉപദേശക സമിതി പുന:സംഘടിപ്പിക്കേണ്ടതുണ്ട്. നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു

2021-22 ലെ പ്രവർത്തന റിപ്പോർട്ട്, കണക്ക്, ഭാരവാഹി ലിസ്റ്റ് എന്നിവ ജനറൽബോഡി ഏകകണ്ഠമായി അംഗീകരിച്ചു. ജനറൽബോഡി യോഗത്തിന് കമ്മിറ്റി അംഗമായ ഷീല റൊസാരിയോ നന്ദി പ്രകാശിപ്പിച്ചു.

ജനറൽബോഡി യോഗത്തിനുശേഷം നമ്മുടെ അംഗമായ ഡോ. ലീന എന്ന ആയുർവേദ ഡോക്ടർ ആയുർവേദ ചികിത്സയെപ്പറ്റി മൊത്തത്തിലും കോവിഡ് പ്രതിരോധത്തെക്കുറിച്ച് പ്രത്യേകമായും

ക്ലാസ് എടുത്തു.  വളരെ നല്ല ക്ലാസ്സ് ആയിരുന്നു. സദസ്സിൽ നിന്ന് ധാരാളം സംശയങ്ങൾ ഉയർന്നു വന്നു. അവക്കെല്ലാം തൃപ്തികരമായ മറുപടി ഡോക്ടർ ലീന നൽകി. കോവിഡ്  നിശ്ശേഷം മാറിയാൽ ദേവകി വാര്യർ സ്മാരകത്തിൽ വെച്ച് സ്ത്രീകൾക്കായി യോഗ ക്ലാസുകൾ സംഘടിപ്പിക്കാം എന്ന് ഡോക്ടർ ലീന ഏറ്റു.  4മണിക്ക് യോഗം അവസാനിച്ചു

## ദേവകി വാര്യർ സ്മാരക സാഹിത്യ പുരസ്കാരം

കോവിഡ് കാരണം മാറ്റി വയ്ക്കേണ്ടി വന്ന 2020ലെ അവാർഡ് 12-12-2021ൽ പത്മിനി വർക്കി സ്മാരക അവാർഡിനൊപ്പം ഹസ്സൻ മരയ്ക്കാർ ഹാളിൽ വച്ച് വിതരണം ചെയ്തു.  2021ൽ മത്സരം നടത്തിയില്ല. വിശദവിവരങ്ങൾ കഴിഞ്ഞവർഷത്തെ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## ഓണാഘോഷം

ഓണത്തിന് 3000 രൂപ വീതം ജീവനക്കാർക്ക് ഉത്സവബത്ത നൽകി. 17-08-2021ൽ എല്ലാ രോഗികൾക്കും ഓണക്കോടി വാങ്ങാൻ  1000രൂപ വീതം നൽകി. തിരുവോണദിവസം മൂന്നു സ്ഥാപനങ്ങളിലും ഓണസദ്യ നടത്തി.

## വനിതാകമ്മീഷനിൽ സ്ത്രീധനത്തിനെതിരെ പ്രവർത്തിക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ

സംസ്ഥാന വനിതാശിശു വകുപ്പിന്റെ നിർദ്ദേശപ്രകാരം സ്ത്രീധനത്തിനെതിരെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘടന എന്ന നിലയിൽ വനിതാകമ്മീഷനിൽ രജിസ്റ്റർ ചെയ്യാൻ 3-8-2021ൽ ചേർന്ന കമ്മിറ്റി തീരുമാനിച്ചു. മൂന്നുവർഷത്തെ റിപ്പോർട്ടും കണക്കും മറ്റ് എല്ലാ രേഖകളും സമർപ്പിച്ച് രജിസ്ട്രേഷന് അപേക്ഷിച്ചു. അപേക്ഷ അംഗീകരിച്ചതായി വനിതാകമ്മീഷൻ അറിയിച്ചു. സംയുക്ത പരിപാടികൾ നടത്തുന്നതിനെക്കുറിച്ച് പലവട്ടം ചർച്ചകളും നടന്നു. പക്ഷേ പരിപാടി പലകാരണങ്ങൾകൊണ്ടും നടന്നില്ല. വനിതാക്കമ്മീഷൻ അധ്യക്ഷയുടെ അപ്രതീക്ഷിത രാജിയും മറ്റ് തടസ്സങ്ങളും മൂലമാണ് പരിപാടി നടക്കാതെ പോയത്.  അതിനുള്ള ശ്രമം പുതിയ അധ്യക്ഷ ചാർജ് എടുത്തതിനുശേഷവും തുടരുന്നുണ്ട്.

## വെബ്സൈറ്റ്

നടക്കുന്ന എല്ലാ പരിപാടികളും അതാതു സമയത്തു തന്നെ വെബ്സൈറ്റിൽ ചേർക്കുകയും വെബ്സൈറ്റ് പുതുക്കുകയും ചെയ്യുന്നുണ്ട്. ജയലക്ഷ്മിയാണ് ആ ചുമതല കൃത്യമായി നിർവ്വഹിക്കുന്നത്.

## പത്മിനി വർക്കിയുടെ ഓർമ്മദിനം

ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവും കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ പ്രസിഡന്റും ദേവകി വാര്യർ സ്മാരകത്തിന്റെ ജോയിന്റ് സെക്രട്ടറിയും ആശ്രയ, സൊലേസ് തുടങ്ങിയ സംഘടനകളുടെ കമ്മിറ്റി അംഗവുമായി പ്രവർത്തിച്ചുകൊണ്ടിരിക്കെയാണ് പത്മിനി വർക്കി 12-12-2015 ൽ നമ്മെ വിട്ടുപിരിഞ്ഞത്. 12-12-2021 ൽ ഹസ്സൻ മരയ്ക്കാർ ഹാളിൽവെച്ചാണ് പത്മിനിവർക്കിയുടെ 6-ാം ചരമദിനം സമുചിതമായി ആചരിച്ചത്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രണവം ചാരിറ്റബിൾ ട്രസ്റ്റിന്റെ ആംബുലൻസ് ഡ്രൈവറായ ദീപാജോസഫിനെയാണ് അവാർഡ് ജേതാവായി തെരഞ്ഞെടുത്തത്. 2018,2019 വർഷങ്ങളിലെ പ്രളയകാലത്തും തുടർന്ന് കോവിഡ് കാലത്തും നടത്തിയ നിസ്വാർത്ഥ സേവനം പരിഗണിച്ചാണ് അവാർഡ് കമ്മിറ്റി ശ്രീമതി ദീപാ ജോസഫിനെ അവാർഡ് ജേതാവായി പ്രഖ്യാപിച്ചത്. നിരവധിപേരുടെ ജീവൻ രക്ഷിച്ചയാളാണ് ആ ധീരവനിത. തന്റെ ജോലിക്കിടയിൽ പലപ്രാവശ്യം സ്വയം കോവിഡ് ബാധിതയായി.

ജീവകാരുണ്യ പ്രവർത്തനം ജീവിതവ്യതമാക്കിയ പത്മിനിവർക്കിയുടെ ഓർമ്മയ്ക്കായി നമ്മൾ നല്കുന്ന പുരസ്കാരം സ്വീകരിക്കാൻ ദീപാജോസഫ് സർവഥാ യോഗ്യയാണെന്നത് വളരെ സന്തോഷംതരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടിയാണ് 25000 രൂപയും മൊമന്റോയും സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരം നൽകിയത്.

2020 ലെ ദേവകി വാര്യർ സ്മാരക സാഹിത്യ പുരസ്കാരവും ഇതൊടൊപ്പം വിതരണം ചെയ്തു. വിദ്യാഭ്യാസ മന്ത്രി ശ്രീ വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും പുരസ്കാര വിതരണം നടത്തുകയും ചെയ്ത യോഗത്തിൽ വനിതാക്കമ്മീഷൻ അധ്യക്ഷ അഡ്വ. പി.

സതീദേവി ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പത്മിനി വർക്കി സ്മാരക പ്രഭാഷണം നടത്തിയത് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീമതി മിനി സുകുമാറാണ്. പത്മിനി വർക്കിയുമായും ആ കുടുംബത്തിലെ എല്ലാവരുമായും വളരെ അടുത്ത ബന്ധം ഉള്ള മിനിസുകുമാറിന്റെ പ്രഭാഷണം ഹൃദയസ്പർശിയായിരുന്നു. ആർ. പാർവതി ദേവി അവാർഡ് ജേതാക്കളെ സദസ്സിന് പരിചയപ്പെടുത്തി.

ടി. രാധാമണി, അംബികാദേവി, എന്നിവർ സ്ഥിര നിക്ഷേപമായി ഇട്ടിരിക്കുന്ന 3 ലക്ഷം രൂപയുടെ പലിശ എടുത്ത് സ്ഥാപനത്തിലെ രോഗികൾക്ക് 1400 രൂപ വീതം ചികിത്സാസഹായം വിതരണം ചെയ്തു. അനസൂയ അദ്ധ്യക്ഷയായിരുന്നു. ടി. രാധാമണി സ്വാഗതവും ഡോ. ആർ.ബി. രാജലക്ഷ്മി നന്ദിയും പറഞ്ഞു.

ദീപാ ജോസഫിന്റെയും മേഘാരാധാകൃഷ്ണന്റെയും മറുപടി പ്രസംഗം അതീവ ഹൃദ്യമായിരുന്നു. മേഘാ രാധാകൃഷ്ണൻ അവാർഡ് തുകയായ 10,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്തു.

ഹസ്സൻ മരയ്ക്കാർഹാൾ നിറഞ്ഞു കവിഞ്ഞ സദസ്സിൽ നിന്ന് യോഗാവസാനം വരെയും ഒരാൾപോലും പിരിഞ്ഞുപോയില്ല. യോഗം ആരംഭിക്കുന്നതിന് തൊട്ടുമുൻപ് 2.00 മണിമുതൽ 3.00 മണിവരെ ദേവകി വാര്യർ സ്മാരക ഗ്രന്ഥശാലയുടെ കമ്മിറ്റി അംഗമായ സ്നേഹലത ദേവകി വാര്യരുടെ ജീവിതത്തെ അടിസ്ഥാനമാക്കി ഒരു കഥാപ്രസംഗം അവതരിപ്പിച്ചു. ആര്യാപള്ളം, ദേവകി വാര്യർ മുതലായ സമുദായ പരിഷ്ക്കർത്താക്കളുടെ നവോത്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങളും പുരോഗമന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങളും വളരെ വിശദമായി അവതരിപ്പിച്ച കഥാപ്രസംഗം എല്ലാ വരുടേയും അഭിനന്ദനത്തിന് പാത്രമായി. എടുത്തുപറയേണ്ട ഒരു കാര്യം യാതൊരു പ്രതിഫലവും പറ്റാതെയാണ് കഥാപ്രസംഗ ട്രൂപ്പ് പരിപാടി അവതരിപ്പിച്ചത് എന്നതാണ്. നമ്മുടെ സ്നേഹവും നന്ദിയും പ്രകടിപ്പിക്കാനായി അവർക്ക് ഓരോരുത്തർക്കും ഓരോ മൊമന്റോ നല്കി ആദരിച്ചു.

## മെഡിക്കൽ കോളെജ് വളപ്പിനുള്ളിലെ ഉച്ചഭക്ഷണ വിതരണം

ഉച്ചഭക്ഷണ വിതരണം കോവിഡിനുശേഷം പുനരാരംഭിച്ചിട്ടില്ല. മെഡിക്കൽ കോളേജ് പരിസരത്ത് വിവിധങ്ങളായ സംഘടനകൾ ഉച്ചഭക്ഷണവിതരണം നടത്തുന്നുണ്ട്. ഇനിയും കൂടുതൽ ആവശ്യക്കാരുണ്ടോ എന്ന് അന്വേഷിച്ചിട്ട് തുടങ്ങാം എന്നാണ് കമ്മിറ്റിയിൽ അഭിപ്രായം വന്നത്.

## ശ്രദ്ധ

ചാലക്കുഴി റോഡിലുള്ള കെട്ടിടത്തിലാണ് ശ്രദ്ധ പ്രവർത്തിച്ചുവരുന്നത്. ഏകദേശം 40 പേർക്കാണ് ഒരേ സമയം അവിടെ താമസ സൗകര്യം നൽകുന്നത്. ഒരു രോഗിയുടെ കൂടെ ഒരു കൂട്ടിരിപ്പുകാരനെങ്കിലും വേണമെന്ന് നമ്മൾ നിഷ്ക്കർഷിക്കാറുണ്ട്. കിടപ്പുരോഗികൾക്കും കുട്ടികൾക്കും രണ്ടുപേരെ അനുവദിക്കാറുണ്ട്.

ഓരോ ദിവസവും സുമനസ്സുകൾ നല്കുന്ന സംഭാവന തുക കൊണ്ടാണ് അവിടെ ചെലവുകൾ നടക്കുന്നത്. വിവാഹം, വിവാഹ വാർഷികം, പിറന്നാൾ, ശ്രാദ്ധം മുതലായ വിശേഷ ദിവസങ്ങളിൽ സദ്യ നടത്തുന്നവരാണ് അധികവും. വിശേഷാവസരമൊന്നുമില്ലെങ്കിലും സംഭാവന തരുന്നവരുമുണ്ട്. അരി, പച്ചക്കറി, തേങ്ങ, വിറക് മുതലായി എന്തും സംഭാവനയായി നമ്മൾ സ്വീകരിക്കാറുണ്ട്. കഴിഞ്ഞ വർഷം ഗ്രൈൻഡർ കേടായപ്പോൾ ശ്രദ്ധയിലേക്ക് ഗ്രൈൻഡറും, ട്രിഡാ വിശ്രമ സങ്കേതത്തിലേക്ക് മിക്സിയും വാങ്ങി തന്നത് ഏജീസ് ഓഫീസിലെ രാജേന്ദ്രനും ഭാര്യ അനന്ത (എൽ.ഐ.സി.)യും ചേർന്നാണ്. കേടായ ഫ്രിഡ്ജിന് പകരം പുതിയത് വാങ്ങിത്തന്നത് ടെക്നോപാർക്കിലെ ബ്ലഡ് ഡോണേഴ്സ് ഫോറമാണ്. മാധവപ്പണിക്കർ, സീന, ഷീജ എന്നിവർ ചേർന്ന് എല്ലാ മാസവും പച്ചക്കറി വാങ്ങിത്തരുന്നു. എജീസ് ആഫീസ് ജീവനക്കാർ ശ്രദ്ധയിലേയും വിശ്രമ സങ്കേതിലേയും രോഗികൾക്ക് ബെഡ്ഷീറ്റ് ടൗവ്വൽ, വീൽചെയർ, വാക്കർ മുതലായവ സംഭാവനയായിതന്നു. സനാഥാലയം എന്ന സ്ഥാപനം നടത്തുന്ന ഫിറോസ്, ആറ്റുകാൽ ആശ്രമം നടത്തുന്ന സന്തോഷ് എന്നി

വർ ഇടക്കിടെ ഭക്ഷണം, പായസം മുതലയാവ ഉണ്ടാക്കി കൊണ്ടു തരാറുണ്ട്. മുഴുവൻ പേരുടെയും പേരുകൾ ചേർക്കുന്നില്ല.

ഐഷാ രാജനും സരളയും മുഴുവൻ സമയ പ്രവർത്തകരായി രോഗികൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നു. റിപ്പോർട്ട് കാലയളവിൽ 750 കാൻസർ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാരായി 1650 പേർക്കും ശ്രീചിത്രയിലെ 226 രോഗികൾക്കും അവരുടെ കൂട്ടിരിപ്പു കാരായ 48 പേർക്കും താമസസൗകര്യം , ഭക്ഷണം എന്നിവ നല്കി.

ഇവിടത്തെ കണക്കുകൾ ലെഡ്ജറെഴുതി ഓഡിറ്റ് ചെയ്യാൻ തക്ക വണ്ണം തയ്യാറാക്കുന്നത് മിനി. എസ്. ആണ്. ഇവിടെ ദീർഘകാലമായി നിലനിന്ന ഡ്രെയിനേജ് പ്രശ്നം പരിഹരിക്കുന്നതിന് 1,20,000 രൂപ ചെല വായി.

## ട്രിഡ വിശ്രമസങ്കേതം

2008 മുതൽ ട്രിഡയുടെ ഉടമസ്ഥതയിലുള്ള വിശ്രമ സങ്കേതം എന്ന കെട്ടിടം വാടകക്ക് എടുത്ത് രോഗികൾക്ക് താമസവും ഭക്ഷണവും ലഭ്യമാക്കിവരുന്നു. ട്രിഡക്ക് നല്കാനുള്ള പ്രതിമാസ വാടകയിനത്തിൽ 30000 രൂപ സാന്ത്വനം കുവൈറ്റ് എന്ന സംഘടന സംഭാവനയായി നല്കി വരുന്നു. റിപ്പോർട്ട് കാലയളവിൽ 541 രോഗികൾക്കും 1139 കൂട്ടിരിപ്പു കാർക്കും 144 ശ്രീചിത്രാ രോഗികൾക്കും 349 കൂട്ടിരിപ്പുകാർക്കും ഇവിടെ താമസവും ഭക്ഷണവും നല്കി. നയന (ഹൗസ്കീപ്പർ), രാധയും അർച്ചനയും (ഭക്ഷണം പാചകവും വൃത്തിയാക്കലും), മോനിഷ് (ഡ്രൈവർ), വിനോദ് എന്നിവരാണ് ട്രിഡയിലെ കാര്യങ്ങൾ നോക്കി നടത്തി രോഗികളെ സഹായിക്കുന്നത്. ഇതിൽ വിനോദിന് അടുത്തകാലത്ത് കാൻസർ രോഗബാധ സ്ഥിരീകരിച്ചു. ചികിത്സാസ ഹായമായി 50,000 രൂപ ലക്ഷ്മി പ്രഭാകർ എന്ന അംഗം തന്നിട്ടുണ്ട്. അത് തീരുന്ന മുറക്ക് ആവശ്യമെങ്കിൽ ഇനിയും തുക കണ്ടെത്തേണ്ടി വരും. 18,300/- രൂപക്ക് കെട്ടിടത്തിൽ പെയിന്റിംഗ് നടത്തി.

വിശ്രമസങ്കേതത്തിന്റെ വാടക 18% വർദ്ധിപ്പിക്കണമെന്ന് ആവശ്യ പ്പെട്ട് ട്രിഡയുടെ നോട്ടീസ് വന്നിരുന്നു. അതിൽ നിന്ന് ഒഴിവാക്കിത്ത രണമെന്നുള്ള നമ്മുടെ അപേക്ഷ പരിഗണിച്ച് മുൻവർഷങ്ങളിലെപ്പോലെ

തന്നെ വാടകവർദ്ധന ഒഴിവാക്കിത്തരാം എന്ന് ട്രിഡായുടെ ചെയർമാൻ അറിയിച്ചു.  ചെയർമാനും കമ്മിറ്റിക്കും നമ്മുടെ കൃതജ്ഞത അറിയിച്ചിട്ടുണ്ട്.

## ആംബുലൻസ് - ഈക്കോ

എസ്.ബി.റ്റി സംഭാവനചെയ്ത മാരുതി ഓംനി ആംബുലൻസും ബിവറേജസ് കോർപ്പറേഷൻ നല്കിയ ഈക്കോയും ആയി രണ്ടുവാഹനങ്ങൾ സംഘടനക്കുണ്ട്.

## ശ്രദ്ധ വാർത്താ പത്രിക

കോവിഡിനുശേഷം സാമ്പത്തിക പരിമിതിമൂലം വാർത്താപത്രിക പ്രസിദ്ധീകരണം പുനരാരംഭിച്ചില്ല.

## ദേവകി വാര്യർ ചരമദിനം

ഡിസംബർ 25ന് 4 മണിക്ക് ചാലക്കുഴി റോഡിലുള്ള ശ്രദ്ധയിൽ വച്ച് ദേവകി വാര്യരുടെ 20-ാം ചരമദിനം സമുചിതമായി ആചരിച്ചു. അഡ്വ. ജയരാജ് (കൺസ്യൂമർ പ്രൊട്ടക്ഷൻ  കൗൺസിൽ ചെയർമാൻ) അനുസ്മരണ പ്രഭാഷണം നടത്തി.  ഡോ. പി.കെ. ആർ. വാര്യർ, ദേവകി വാര്യർ എന്നിവരെയും  കുടുംബാംഗങ്ങളെയും ചെറിയ പ്രായം മുതൽ തന്നെ പരിചയമുള്ള അദ്ദേഹം ധാരാളം ഓർമ്മകൾ പങ്കുവെച്ചു.  ഷീലാ റൊസാരിയോ, വി.കെ. ശാന്തമ്മ,  കെ. ആർ. ഭാനുമതി,  ഷാജി.എൻ. കരുൺ എന്നിവർ ദേവകി വാര്യരെ അനുസ്മരിച്ച്  സംസാരിച്ചു.  20 വർഷത്തിനുശേഷവും എല്ലാവരുടെയും മനസ്സിൽ ദീപ്ത സ്മരണയായി ദേവകിവാര്യർ നിലനില്ക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്ന വാക്കുകളാണ് എല്ലാവരിൽ നിന്നും ഉണ്ടായത്. അനസൂയ അധ്യക്ഷം വഹിച്ച യോഗത്തിൽ ടി. രാധാമണി സ്വാഗതവും ഡോ. ആർ.ബി രാജലക്ഷ്മി നന്ദിയും പറഞ്ഞു.

## സ്നേഹസാന്ത്വനം - വൃദ്ധസദനം

വട്ടപ്പാറയ്ക്കടുത്ത് കുറ്റിയാനിയിൽ പരേതനായ അഡ്വ വി.ജി. ഗോവിന്ദൻ നായരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് വൃദ്ധസദനം സ്ഥിതിചെയ്യുന്നത്. വിശാലമായ  മുറ്റവും അരയേക്കർ പുരയിടവും ഉള്ള മനോഹരമായ ഇടമാണ് ഇത്. 8 സ്ത്രീകളാണ് ഇവിടെ അന്തേവാസിക

ളായി ഉള്ളത്. മൂന്ന് ജീവനക്കാരുണ്ട്. രാജലക്ഷ്മിയാണ് മാനേജരായി പ്രവർത്തിക്കുന്നത്. ആഹാരം പാകം ചെയ്യാനും മറ്റുമായി രണ്ടു സഹായികളും ഉണ്ട്.

വളരെ സന്തോഷം നിറഞ്ഞ അന്തരീക്ഷമാണ് അവിടെ നിലനില്ക്കുന്നത്. 2022 ആഗസ്റ്റ് 24ന് അവിടെ എല്ലാവർക്കും ഓണക്കോടി വിതരണവും ആരോഗ്യ ബോധവൽക്കരണക്ലാസ്സും നടന്നു. ഡോ. ബി.ജി. ശ്രീദേവി, ആർ. സേതുമാധവൻ എന്നിവരാണ് ക്ലാസ്സുകൾ നയിച്ചത്. ഓണസദ്യക്കുള്ള തുകയായി 3000 രൂപ ശ്രീചിത്ര മെഡിക്കൽ സെന്ററിലെ പെൻഷനേഴ്സ് സംഘടനയുടെ നേതാവായ ശ്രീകുമാരനാണ് തന്നത്. അതിനുപുറമേ സേതുമാധവിന്റെ അനന്തിരവൻ ശ്രീജിത്ത് 5000 രൂപയും അയച്ചുതന്നു. സ്ഥാപനം ഇപ്പോൾ സ്വയംപര്യാപ്തമായാണ് പ്രവർത്തിക്കുന്ന്.

## കൗൺസലിംഗ്

നമ്മുടെ കമ്മിറ്റി അംഗമായ മിനിപ്രകാശ് രോഗികൾക്കും ബന്ധുക്കൾക്കും മാനസിക സമ്മർദ്ദം കുറയ്ക്കാൻ കൗൺസലിംഗ് നല്കി വരുന്നു.

## ദേവകി വാര്യർ സ്മാരക ഗ്രന്ഥശാല

2004 മുതലാണ് ലൈബ്രറി പ്രവർത്തനം ആരംഭിച്ചത്. 2006 ൽ ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടെ 10000ത്തിലധികം ബുക്കുകളോടെ ജില്ലയിലെ രണ്ടാമത്തെ എ ഗ്രേഡ് വനിതാ ലൈബ്രറിയായി. ഇവിടെ സ്ത്രീകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പൊതുപരിപാടികൾ, സെമിനാറുകൾ, വനിതാവേദി, അനുസ്മരണങ്ങൾ, കാൻസർ രോഗീപരിപാലനം തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു. കോവിഡ് കാലത്ത് പരിപാടികൾ നടത്തിയില്ലെങ്കിലും ഈ വർഷം സ്നേഹ ഗാഥ, ആയുർവേദ മരുന്നുകളെക്കുറിച്ചുള്ള ക്ലാസ്, ഊർജ്ജ സംരക്ഷണ സദസ്സ്, മനുഷ്യരൊന്നാണ് തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചു. ലോകപരിസ്ഥിതി ദിനവും വനിതാദിനവും ആചരിച്ചു. അനുസ്മരണയോഗങ്ങൾ സംഘടിപ്പിച്ചു.

ലൈബ്രറി കൗൺസിലിന്റെ പരിപാടികളിലും പുസ്തകോത്സവങ്ങളിലും അംഗങ്ങൾ പങ്കെടുത്തു. ലൈബ്രറി കമ്മിറ്റിയുടെ പ്രസിഡന്റായിരുന്ന എം. എൻ. ശാരദാമ്മയുടെ മരണത്തെ തുടർന്ന് ശ്രീമതി പി. അംബികയെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

## ഉപസംഹാരം

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പ്രവർത്തനങ്ങളെല്ലാം നടത്തുന്നത് ഉദാരമതികൾ തരുന്ന സംഭാവനകൊണ്ടാണ്. റിപ്പോർട്ട് കാലയളവിൽ 1763132/- രൂപയാണ് സംഭാവനയായി ലഭിച്ചത്. 2000 രൂപ അംഗത്വ ഫീസായും ലഭിച്ചിട്ടുണ്ട്. ഇതിൽ മൂന്നുലക്ഷത്തി അറുപതിനായിരം രൂപ സാന്ത്വനം കുവൈറ്റ് നല്കുന്നത് വാടകയിനത്തിൽ ട്രിഡായ്ക്ക് അടക്കുന്നു. കൂടുതൽ സംഭാവന ലഭിച്ചാൽ മാത്രമേ ഉച്ചഭക്ഷണവിതരണവും ന്യൂസ് ലെറ്റർ പ്രസിദ്ധീകരണവും പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

സംഘടനയുടെ പ്രവർത്തനങ്ങളിൽ ഒപ്പം നിന്നവർക്കും പ്രത്യേകിച്ച് സംഭാവന നല്കിയ എല്ലാ സുമനസ്സുകൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അകൈതവമായ കൃതജ്ഞത അറിയിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ.

വേണ്ട ഉപദേശ നിർദ്ദേശങ്ങൾ തന്ന് ഈ റിപ്പോർട്ടിനെ പരിപോഷിപ്പിക്കണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ചർച്ചക്കും അംഗീകാരത്തിനുമായി റിപ്പോർട്ട് ജനറൽബോഡി മുമ്പാകെ സമർപ്പിക്കുന്നു.

എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി

*സെക്രട്ടറി*

## SURESHBABU ASSOCIATES

Chartered Accountants

## INDEPENDENT AUDOITORS REPORT

UDIN: 22202893AOTZMA1705

We have audited the attached Balance Sheet of DEVAKI WARRIER MEMORIAL WOMENS STUDIES AND EMPOWERMENT CENTER, Reg. No. T-2557/2002, Chalakuzhi Road, Pattom, Thiruvananthapuram as at 31st March, 2022, the Income and Expenditure Account for the year ended on that date annexed thereto. These financial statements are the responsibility of the Association. Our responsibility is to express an opinion on these financial statements based on our audit.

We conducted our audit in accordance with auditing standards generally accepted in India. Those standards require that we planned and performed the audit to obtain reasonable assurance about whether the financial statements are free of material misstatement. An audit includes examining, on a test basis , evidence supporting the amount and disclosures in the financial statements. An audit also includes assessing the accounting principles used and significan estimates made by management, as well as evaluating the overall financial statement pressentation. We believe that our audit provides a reasonable basis for our opinion and we report that;

In our opinion, proper books of account have been kept by the Association so far as appears from our examination of those books.

The Balance Sheet and Income and Expenditure Account dealt with by this report are in agreement with the books of account

In our opinion and to the best of our information and according to the explanations given to us, the said accounts give a true and fair view in conformity with the accounging principles generally accepted in India : Subject to the following;

In the case of the Balance Sheet, of the state of affairs of the Association, as at 31st March 2022 and:

In the case of Income and Expenditure account, of the excess of income over expenditure for the period ended on that date.

Place: Trivandrum

Date: 10/08/2022

For S. SURESH BABU & ASSOCIATES
CHARTERED ACCOUNTANTS
FRN :006551S
Sd/-
Suresh Babu B.Sc, FCA, MNo. 202893

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## RECEIPTS AND PAYMENTS FOR THE PERIOD FROM 01-04-2021 TO 31-03-2022

| RECEIPTS | AMOUNT | AMOUNT | PAYMENTS | AMOUNT | AMOUNT |
|---|---|---|---|---|---|
| **Opening Balance** | | | **Indirect Expenses** | | |
| Cash in hand | | 20,248.75 | Cable Charges | 7,110.00 | |
| Bank Accounts | | | Audit Fees | 65.000.00 | |
| Kerala State Cooperative bank | 9,430.00 | | Bank Charges | 9.48 | |
| 3123, SBI A/C 9425 | 2,83,199.67 | 2,92,629.67 | Celebration Expense | 1,14,850.00 | |
| **Income Received** | | | Cleaning Charges | 4,200.00 | |
| Bank interest | | | Coolie | 7,900.00 | |
| SBI A/C 9425 | 11,804.00 | | Electricity Charges | 23,310.00 | |
| KSCB A/c 3123 | 21,306.00 | 33,110.00 | Contribution to | | |
| Donation | | 17,63,132.00 | Sneha Santhwanam | 35,000.00 | |
| Membership Fee | | 2,000.00 | Contribution to Trida | | |
| | | | Visramsanketham | 4,00,000.00 | |
| | | | Medical Expense | 47,644.00 | |
| | | | Mess Expense | 1,69,520.00 | |
| | | | Postage & Telegram | 1,210.00 | |
| | | | Printing & Stationary | 18,080.00 | |
| | | | Rent Trida | 3,90,300.00 | |
| | | | Repairs & Maintenance | 70,728.00 | |

| RECEIPTS | AMOUNT | AMOUNT | PAYMENTS | AMOUNT | AMOUNT |
|---|---|---|---|---|---|
| | | | Salaries & Allowances | 1,88,000.00 | |
| | | | Travelling Expenses | 1,050.00 | |
| | | | Telephone Charges | 2,126.00 | |
| | | | Water Charges | 24,852.00 | |
| | | | Website Developmet Charges | 8,245.00 | |
| | | | Vehicle Insurance | 8,970.00 | |
| | | | Miscellaneous Expense | 800.00 | |
| | | | Service Charge | 9,510.00 | 15,98,414.48 |
| | | | Advance Received from TRIDA | | 50,000.00 |
| | | | Fixed Assets | | |
| | | | Grinder | 5,960.00 | |
| | | | Inverter | 16,600.00 | 22,560.00 |
| | | | **Closing Balance** | | |
| | | | Cash in Hands | | 5,445.75 |
| | | | Cash at Bank | | |
| | | | Kerala State Cooperative Bank | 1,10,731.28 | |
| | | | SBI A/C 9425 | 3,23,968.91 | 4,34,700.19 |
| | | **21,11,120.42** | | | **21,11,120.42** |

Auditor's Report : As per our report of even date attached

For S. SURESH BABU & ASSOCIATES
CHARTERED ACCOUNTANTS
FRN :006551S
Sd/-
Suresh Babu B.Sc, FCA, MNo. 202893

*(Seal)*

Plaec: Thiruvananthapuram
Date: 10-08-2022

# DEVAKI WARRIER MEMORIAL WOMEN’S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31-03-2022

| EXPENDITURE | AMOUNT | INCOME | AMOUNT | AMOUNT |
|---|---|---|---|---|
| **Indirect Expenses** | | **Income Received** | | |
| Cable Charges | 7,110.00 | Bank interest | 1,1804.00 | |
| Audit Fees | 65,000.00 | KSCB A/C3123 | 21306 | 33,110.00 |
| Bank Charges | 9.48 | SB Deposits | | |
| Celebration Expense | 1,14,850.00 | | | |
| Cleaning Charges | 4,200.00 | FD Interest | | |
| Coolie | 7,900.00 | SBI FD: 67101974370 | 22,126.00 | |
| Electricity Charges | 23,310.00 | SBI FD 67144950803 | 4,790.00 | 26,916.00 |
| Contribution to Sneha Santhwanam | 35,000.00 | KSCB Deposits | | |
| Contribution to Trida Visramsanketham | 4,00,000.00 | FD Interest | | |
| Medical Expense | 47,644.00 | 001182313003664 | 15,000.00 | |
| Mess Expense | 1,69,520.00 | 001182313004034 | 7,752.00 | |
| Postage & Telegram | 1,210.00 | | | |
| | | 001182313004399 | 6,000.00 | 28,752.00 |

| EXPENDITURE | AMOUNT | INCOME | AMOUNT | AMOUNT |
|---|---|---|---|---|
| Printing & Stationary | 18,080.00 | Donation | | 17,63,132.00 |
| Rent Trida | 3,90,300.00 | Membership fee | | 2,000.00 |
| Repairs & Maintenance | 74,594.00 | | | |
| Salaries & Allowances | 1,88,000.00 | | | |
| Travelling Expenses | 1,050.00 | | | |
| Telephone Charges | 2,126.00 | | | |
| Water Charges | 24,852.00 | | | |
| Website Developmet Charges | 8,245.00 | | | |
| Vehicle Insurance | 8,970.00 | | | |
| Miscellaneous Expense | 800.00 | | | |
| Service Charge | 9,510.00 | | | |
| Depreciation | 18,841.85 | | | |
| Excess of Income Over Expenditure | 2,32,787.67 | | | |
| **Total** | **18,53,910.00** | | | **18,53,910.00** |

Auditor's Report : As per our report of even date attached

For S. SURESH BABU & ASSOCIATES
CHARTERED ACCOUNTANTS
FRN :006551S
Sd/-
Suresh Babu B.Sc, FCA, MNo. 202893

Plaec: Thiruvananthapuram
Date: 10-08-2022

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002, CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## BALANCE SHEET AS ON 31-03-2022

| LIABILITIES | AMOUNT | AMOUNT | ASSETS | AMOUNT | AMOUNT |
|---|---|---|---|---|---|
| | | | Fixed Assets as per Schedule | | 1,60,945.08 |
| General Fund | | | Current Assets: | | |
| as per last BS | 13,98,023.35 | | Advance for Repairs & Maintance to Roy | - | |
| Add income over expenditure | | | Advance to Library | | |
| during the period | 2,32,787.67 | 16,30,811.02 | (as per last balancesheet) | 23,647.00 | |
| | | | Building Advance to Trida | 3,01,824.00 | |
| | | | KSEB Deposit | 279.00 | 3,25,750.00 |
| | | | Accured Interest on FD | | |
| | | | SBI FD: 67101974370 | 2,001.00 | |
| | | | SBI FD: 67144950803 | 4,790.00 | |
| | | | KSCB FD: 001182313003664 | 15,000.00 | |
| | | | KSCB FD: 001182313004034 | 7,752.00 | |
| | | | KSCB FD: 001182313004399 | 6,000.00 | 35,543.00 |
| | | | Fixed Deposit (As per last Balancesheet) | | |
| | | | KSCB Endowment Fixed Deposit | | |
| | | | KSCB FD: 001182313003664 | 2,00,000.00 | |
| | | | KSCB FD: 001182313004034 | 1,00,000.00 | |
| | | | (As per last balancesheet) | 3,00,000.00 | |
| | | | Add: Current Year Deposit | | |

| LIABILITIES | AMOUNT | AMOUNT | ASSETS | AMOUNT | AMOUNT |
|---|---|---|---|---|---|
| Add: Value of vehicle (Ambulance) | | | KSCB FD: 001182313004399 | 1,00,000.00 | 4,00,000.00 |
| purchased out of Special fund | 1.00 | 13,98,023.35 | SBI Fixed Deposit, | | |
| Advance From TRIDA Visrama Sanketh | | 50,000.00 | SBI FD: 67101974370 | 1,56,353.00 | |
| | | | Add: Interest amount transferred to FD | | |
| | | | @ the time of renewal | 20,125.00 | 1,76,478.00 |
| | | | SBI FD: 67144950803 | | 91,949.00 |
| | | | Closing Balance: | | |
| | | | Cash in hand | | 5,445.75 |
| | | | Cash At Bank : | | |
| | | | Kerala State Cooperative Bank | 1,10,731.28 | |
| | | | SBI A/C 9425 | 3,23,968.91 | 4,34,700.19 |
| | | 16,30,811.02 | | | 16,30,811.02 |

Auditor's Report : As per our report of even date attached

For S. SURESH BABU & ASSOCIATES
CHARTERED ACCOUNTANTS
FRN :006551S
Sd/-
Suresh Babu B.Sc, FCA, MNo. 202893

(Seal)

Plaec: Thiruvananthapuram
Date: 10-08-2022

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

**REG. NO. T 2557/2002**

CHALAKKUZHI ROAD, PATTOM P P.O., TRIVANDRUM

## FIXED ASSET SCHEDULE FOR THE YEAR ENDED 31-03-2022

| FIXED ASSETS | RATE | OPENING W.D.VON 04-2021 | ADDITIONS | | WRITE OFF | TOTAL | DEPRICIATION | CLOSING W.D.VON 31-03-2022 |
|---|---|---|---|---|---|---|---|---|
| | | | More than 180 Days | Less than 180 Days | | | | |
| Furniture | 10.00% | 45,171.25 | - | - | | 45,171.25 | 4,517.11 | 40,654.13 |
| Grinder, Mixi, Fan & Radio | 15.00% | 3,359.63 | 5,960.00 | - | | 9,319.63 | 1,397.94 | 7,921.69 |
| Books | 15.00% | 3,445.37 | - | - | | 3,445.37 | 516.81 | 2,928.57 |
| Cooker | 15.00% | 584.80 | - | - | | 584.80 | 87.12 | 497.08 |
| Electrical Fittings | 10.00% | 4,287.02 | - | - | | 4,287.02 | 428.70 | 3,858.32 |
| Miscellaneous Assets | 10.00% | 82,508.51 | - | - | | 82,508.51 | 8,250.85 | 74,257.65 |
| Water Tank | 10.00% | 5,653.41 | - | - | | 5,653.41 | 565.34 | 5,088.07 |
| Gas Stove | 15.00% | 1,415.68 | - | - | | 1,415.68 | 212.35 | 1,203.33 |
| Vessels | 15.00% | 1,854.73 | - | - | | 1,854.73 | 278.21 | 1,576.52 |
| Refrigerator | 15.00% | 8,208.55 | - | - | | 8,208.55 | 1,231.28 | 6,977.27 |
| Weighing Machine | 15.00% | 736.95 | - | - | | 736.95 | 110.54 | 626.41 |
| Vehicle (Maruti EECO) Purchased from CSR fund and Donation | 0.00% | 1.00 | | | | 1.00 | - | 1.00 |
| Inverter | 15.00% | | | 16,600.00 | | 16,600.00 | 1,245.00 | 15,355.00 |
| **Total** | | 1,57,226.91 | 5,960.00 | 16,600.00 | | 1,79,786.91 | 18,841.85 | 1,60,945.08 |

Maria Print Magic # 0471-2323290